## പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2617

2.4.2013-ലെ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശനിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ). വിദ്യാഭ്യാസ അവകാശനിയമം രാജ്യ വ്യാപകമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ(പി) 100/11/പൊ.വി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. NCTE യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സി യോടാവശ്യപ്പെട്ടിട്ടുണ്ട്. TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT-യെ ചുമതലപ്പെടുത്തി 01.03.12-ലെ ജി.ഒ. (പി) 70/12/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള സർക്കാർ പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള സർക്കാർ യു.പി. സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ 'വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല |

വിഭാഗത്തിൽപ്പെട്ട കുട്ടിയുടെ മാതാപിതാക്കളുടെ വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് 27.03.12-ലെ ജി.ഒ.(പി)94/12/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽ പ്പെട്ട കുട്ടി '(a child belonging' to disadvantaged group) എന്നിവ ഏതൊക്കെയാണെന്ന് നിർവചിച്ചുകൊണ്ട് യഥാക്രമം 27.03.2012-ലെ ജി.ഒ.(പി) 93/12/പൊ.വി.വ., 25.05.2012-ലെ ജി.ഒ.(പി) 158/12/പൊ.വി.വ. എന്നിവ മുഖേന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകർതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്കു വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും, വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ, എസ്.എസ്.എ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സംരക്ഷണ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി.വ. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ കേന്ദ്ര സ്കൂളുകളിൽ 5വയസ്സ് തന്നെ ഈ വർഷം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ അദ്ധ്യയന വർഷം 5 വയസ്സു തന്നെ നിലനിർത്തികൊണ്ട് 12.04.2012-ലെ ജി.ഒ.(എം.എസ്)117/2012/പൊ.വി.വ, 12.2.2013 ലെ ജി.ഒ(ആർ.റ്റി)650/13/ പൊവിവ എന്നിവ മുഖേന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ

അവകാശനിയമമനുസരിച്ച് എട്ടാം ക്ലാസുവരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സ് കയറ്റം നൽകാൻ നിർദ്ദേശിച്ച് 28.3.2012 ലെ ജി.ഒ(പി)നം.99/12/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്രനിയമംഅനുശാസിക്കുന്നതിന നുസരിച്ച് ടീച്ചർമാരെ വിദ്യാഭ്യാസേതര ഡ്യൂട്ടികൾക്ക് നിയോഗിക്കുന്നത് തടഞ്ഞുകൊണ്ട് 12.4.2012 ന് 13712/ജെ1/12/പൊവിവ നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. 5-ാം ക്ലാസ് എൽ.പി.യുടെയും 8-ാം ക്ലാസ് യു.പി.യുടെയും ഭാഗമാക്കിക്കൊണ്ട് വിദ്യാഭ്യാസഅവകാശനിയമം അനുശാസിക്കുംവിധം 1 മുതൽ 8 വരെ ക്ലാസുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിക്കൊണ്ടുള്ള ഘടനാമാറ്റം സർക്കാർ പരിശോധിച്ചുവരുന്നു. വിദ്യാഭ്യാസ അവകാശനിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനർനിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) സ്വകാര്യ,സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും തൊഴിൽ സുരക്ഷിതത്വവും ശമ്പള വർദ്ധനവും സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനായി അദ്ധ്യാപക/അനദ്ധ്യാപക പാക്കേജുകൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപകർക്ക് വേതനംവർദ്ധിപ്പിച്ച് ജി.ഒ(എം.എസ്) 36/11/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു. |

സെക്ഷൻഓഫീസർ